ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയം, നിക്കൽ, ലെഡ്, ടോട്ടൽ ക്രോമിയം എന്നിവയുടെ അളവ് ടോട്ടൽ കംപോസ്റ്റ് ആയി ഉപയോഗിക്കാൻ സ്വീകാര്യമായ പരിധിയിലും കൂടുതലാണ്. അതിനാൽ ഖരമാലിന്യം വളമായി ഉപയോഗിക്കാൻ പാടില്ല.

അർഹതപ്പെട്ട സംവരണം നിലനിർത്താൻ നടപടി

*10 [940] ശ്രീ. സാജു പോൾ:
,, കോടിയേരി ബാലകൃഷ്ണൻ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വീകരിച്ച സാമ്പത്തിക നയത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റെയും ഫലമായി വർഷങ്ങളായി നിയമനങ്ങളിലും മറ്റും ലഭിച്ചുകൊണ്ടിരുന്ന സംവരണം അർഹതപ്പെട്ടവർക്ക് നഷ്ടപ്പെടുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പിന്നോക്ക സമുദായങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റും ലഭിച്ചുകൊണ്ടിരുന്ന സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിലനിന്നിരുന്ന സംവരണതത്വം സ്വകാര്യ സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;.

(ഡി) എങ്കിൽ ഈ സ്ഥാപനങ്ങളിൽ സംവരണതത്വം നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സർക്കാർ നിയമനങ്ങളിൽ അർഹതപ്പെട്ടവർക്ക് സംവരണം നഷ്ടപ്പെടുന്നതായ യാതൊരു വിവരവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി, ഡി) ഭരണഘടനയുടെ 16(4) വകുപ്പനുസരിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ ലഭിക്കുന്നില്ലെന്ന് ബോദ്ധ്യമായാൽ അത്തരം വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ സംവരണം ഏർപ്പെടുത്താൻ ഗവൺമെന്റിന് വിശേഷാധികാരമുണ്ട്. അതായത് സംവരണം എന്ന തത്വം ഭരണഘടനയുടെ 16-ാം വകുപ്പനുസരിച്ച് സ്റ്റേറ്റിന്റെ പരിധിയിൽ മാത്രം വരുന്നതാണ്. ഭരണഘടനയുടെ 12-ാം വകുപ്പനുസരിച്ച് സ്റ്റേറ്റ് എന്നത് ഗവൺമെന്റ് ഏജൻസികളോ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ്കളോ ആണ്. അങ്ങനെ വരുമ്പോൾ ഗവൺമെന്റ് നിയന്ത്രണമുള്ള സ്ഥാപനങ്ങളിൽ മാത്രമേ സംവരണം പാലിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ സംവരണതത്വം നിലനിർത്താൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly